"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - എറണാകുളം ജില്ലയിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി.ഗൗതമി.കെ.ജി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA(EKM) 135/19 നമ്പർ കേസ്സിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 29.01.2019ലെ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്**

സ.ഉ.(സാധാ) നം.708/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 24/03/2020

---

പരാമർശം:- 1 ശ്രീമതി.ഗൗതമി.കെ.ജി ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA(EKM) 135/19 നമ്പർ കേസ്സിന്മേലുള്ള 29.01.2019ലെ ഉത്തരവ്.

2 ശ്രീമതി.ഗൗതമി.കെ.ജി യുടെ 18.06.2019 ലെ നിവേദനം.

3 പഞ്ചായത്ത് ഡയറക്ടറുടെ 15.05.2019ലെ PAN/4654/19-E4(DP) നമ്പർ കത്ത്.

ഉത്തരവ്

എറണാകുളം ജില്ലയിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി.ഗൗതമി.കെ.ജി യ്ക്ക് നോഷണൽ പ്രൊമോഷൻ ലഭിച്ച 20.08.2015 മുതലുള്ള ശമ്പളം പുന:ക്രമീകരിച്ച് കുടിശ്ശികയടക്കം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ടിയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 135/19 നമ്പർ കേസ്സിന്മേൽ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ അപേക്ഷക സർക്കാർ മുമ്പാകെ സമർപ്പിച്ച അനക്ഷർ A5 അപ്പീൽ പരിശോധിച്ച് ഉത്തരവ് തീയതി മുതൽ മൂന്നു മാസത്തിനുള്ളിൽ തീരുമാനമെടുക്കാൻ ഉത്തരവായിരുന്നു.

2. 16.03.2013ൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി ഗൗതമി.കെ.ജി കെ.എസ്.&എസ്.എസ്.ആർ. ഭാഗം 1, ചട്ടം 13(A)(1)(a) പ്രകാരമുള്ള ആനുകൂല്യം നൽകി സ്ഥാനക്കയറ്റം അനുവദിക്കണമെന്നാവശ്യപ്പെട്ട് നിയമനാധികാരിക്ക് നിരവധി തവണ അപേക്ഷ സമർപ്പിച്ചെങ്കിലും സ്ഥാനക്കയറ്റം ലഭിക്കാത്തതിനെ തുടർന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA 576/2018 നമ്പർ അന്യായം ഫയൽ ചെയ്യുകയും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിനെ തുടർന്ന് 26.02.2018 തീയതി പ്രാബല്യത്തിൽ സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിക്കുകയും ചെയ്തു. എന്നാൽ മുൻകാല പ്രാബല്യത്തോടു കൂടി കെ.എസ്.&എസ്.എസ്.ആർ. ഭാഗം 1, ചട്ടം 13(A)(1)(a) പ്രകാരമുള്ള ആനുകൂല്യം നൽകി സ്ഥാനക്കയറ്റം അനുവദിക്കുന്നതിനായി ശ്രീമതി.ഗൗതമി.കെ.ജി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA (EKM) 1137/2018 നമ്പർ അന്യായത്തിൽ അപേക്ഷകയെ നേരിൽ കേട്ട് തീരുമാനമെടുക്കാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകികൊണ്ട് ഉത്തരവാകുകയും ചെയ്തു. ആയതു പ്രകാരം ശ്രീമതി.ഗൗതമി.കെ.ജി യ്ക്ക് വകുപ്പുതല പരീക്ഷകൾ വിജയിക്കുന്നതിൽ നിന്നും താൽക്കാലിക ഇളവു നൽകുകയും ടിയാളുടെ ജൂനിയർക്ക് പ്രൊവിഷണലായി സ്ഥാനക്കയറ്റം ലഭിച്ച 20.08.2015 തീയതി പ്രാബല്യത്തിൽ നോഷണലായി സ്ഥാനക്കയറ്റം നൽകുകയും സീനിയർ ക്ലാർക്ക്

തസ്തികയിലെ സീനിയോറിറ്റി പുന:ക്രമീകരിച്ച് നൽകുകയും ചെയ്തു.

3 പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമം പ്രകാരം 20.08.2015 ൽ ശ്രീമതി.ഗൗതമി.കെ.ജിയ്ക്ക് ലഭിച്ച സീനിയർ ക്ലാർക്കായുള്ള പ്രൊമോഷൻ. ടിയാൾ 14.05.2015ൽ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് പ്രൊമോഷന് യോഗ്യത നേടിയിട്ടുള്ളതിനാലും പ്രസ്തുത തീയതിയിൽ ടിയാളുടെ ജൂനിയർ ആയിട്ടുള്ളവർക്ക് സീനിയർ ക്ലാർക്ക് തസ്തികയിൽ പ്രൊമോഷൻ ലഭിച്ചതുകൊണ്ടും കെ.എസ്.&എസ്.എസ്.ആർ. ഭാഗം 1, ചട്ടം 13(A)(1)(a) പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായതിനാലുമാണ് ടിയാൾക്ക് നോഷണലായി പ്രൊമോഷൻ അനുവദിച്ച് നൽകിയത് എന്നും 20.08.2015 ൽ ഒരു ഓപ്പൺ വെക്കൻസി ഉണ്ടായതു കൊണ്ടല്ല എന്നും പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി ഗൗതമി കെ.ജി യ്ക്ക് 20.08.2015 ൽ സീനിയർ ക്ലാർക്ക് തസ്തികയിൽ നോഷണൽ പ്രൊമോഷൻ ആണ് നൽകിയത് എന്നതിനാൽ. കെ.എസ്.ആർ പാർട്ട് 1. റൂൾ 23. സി പ്രകാരം നോഷണൽ പ്രൊമോഷനുകൾക്ക് ശമ്പളം. അലവൻസുകൾ എന്നിവയുടെ മുൻകാല കുടിശ്ശികയ്ക്ക് അർഹതയില്ലാത്തതാണ്. എന്നാൽ പ്രസ്തുത നോഷണൽ പ്രൊമോഷന്റെ അടിസ്ഥാനത്തിൽ 20.08.2015 ന് ടിയാളുടെ ശമ്പളം നോഷണലായി ഫിക്സ് ചെയ്യാവുന്നതും സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് റെഗുലർ പ്രൊമോഷൻ ലഭിച്ച തീയതി മുതൽ എല്ലാ ആനുകൂല്യങ്ങളും അനുവദിക്കാവുന്നതുമാണ്. ആയതിനാൽ കെ.എസ്.ആർ പാർട്ട് 1, റൂൾ 23. സി പ്രകാരം നോഷണൽ പ്രൊമോഷനുകൾക്ക് ശമ്പള കുടിശ്ശികയ്ക്ക് അർഹതയില്ലാത്തതിനാൽ പരാമർശം 2 നിവേദനത്തിൽ ശ്രീമതി.ഗൗതമി.കെ.ജി ഉന്നയിച്ച 20.08.2015 മുതലുള്ള ശമ്പളം പുനഃക്രമീകരിച്ച് കുടിശ്ശികയടക്കം ലഭ്യമാക്കണമെന്ന ടിയാളുടെ ആവശ്യം അനുവദിക്കാൻ നിർവാഹമില്ലെന്നു കണ്ട് നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. പരാമർശം(1) പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA(EKM) 135/19 നമ്പർ കേസ്സിന്മേലുള്ള 29.01.2019ലെ ഉത്തരവ് ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ ബി**
ഡെപ്യൂട്ടിസെക്രട്ടറി

**പകർപ്പ്**

അഡ്വക്കേറ്റ് ജനറൽ. കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ. തിരുവനന്തപുരം.

ശ്രീമതി.ഗൗതമി.കെ.ജി ക്ലാർക്ക്, പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത്, എറണാകുളം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്. എറണാകുളം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ധന വകുപ്പ് (05/12/2019 ലെ ധെവ1/263/19/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.

✓ഡയറക്ടർ, ഐ.കെ.എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

കരുതൽ ഫയൽ / ആഫീസ് പകർപ്പ്. (ഫയൽ നം. 38/ഇപിഎ1/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ